(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തിലേയ്ക്കു ആവശ്യമുള്ള വികസനപ്രവർത്തനങ്ങളെപ്പറ്റി ഗവണ്മെൻറ് സ്വീകാർശ ചെയ്യുകഴിഞ്ഞോ ;

(ബി) ജനപ്രതിനിധികളുമായോ, വ്യവസായികപ്രതിനിധികളുമായോ ഇതുസംബന്ധിച്ചു് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോൾ; അല്ലെങ്കിൽ അതിനു കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ചെയ്തുകഴിഞ്ഞു.

(ബി) ഉണ്ടു്.

(സി) 26-8-1955-ൽ സ്റ്റോറു് പ്ലാനിംഗ് അഡ്വൈസറി ബോർഡ് കൂടിയപ്പോഴും, 13-8-1955-ൽ വ്യവസായപ്രതിനിധികളുടെ ഒരു യോഗം മുഖ്യമന്ത്രിയുടെ മുറിയിൽവച്ചു് നടന്നപ്പോഴും, 25-8-1955-ൽ വ്യവസായികമായ അഭിവൃദ്ധിമുഖേന തൊഴിൽസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനായി തൊഴിലാളിപ്രതിനിധികളുമായി ചർച്ച നടത്തിയപ്പോഴും.

കുടികളുടെ കൈവശമുള്ള വനവിഭാഗം.

* 834. [24] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭാഗത്തിൽപ്പെട്ട എത്ര ഏക്കർ സ്ഥലം കുടികളുടെ കൈവശമുണ്ടു് ;

(ബി) ഏതെല്ലാം വിധങ്ങളിലാണു് ഈ സ്ഥലം കുടികളുടെ കൈവശം വന്നുചേർന്നിട്ടുള്ളതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉദ്ദേശം 55,000 ഏക്കർ സ്ഥലം.

(ബി) ഭക്ഷ്യോത്പാദനപദ്ധതിപ്രകാരം പാട്ടത്തിനു കൊടുത്തിട്ടുള്ളതും അനധികൃതമായി കയ്യേറ്റം ചെയ്തിട്ടുള്ളതും.

Unemployment.

* 835. [32] SHRI P. V. AVIRA THARAKAN : Will the Chief Minister be pleased to state :

(a) during the last four years, how many new workers had been provided employment under the first Five Year Plan ;

(b) how many workers were employed in permanent service ;

(c) have the Government enquired about the unemployed people of this State ; and

(d) if so how many technically qualified are unemployed ?

LIBRARY ARCHIVES Kerala Legislative Assembly